**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1677** **01-07-2026-ൽ മറുപടിയ്ക്ക്**

**<u>ലൈഫ് മിഷൻ പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സജി ചെറിയാൻ

ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

**(എ)** ഭൂരഹിതരും ഭവന രഹിതരും ആയ ലൈഫ് മിഷൻ പദ്ധതി ഗുണഭോക്താക്കൾക്ക് നഗരസഭകളിൽ ഭൂമിയും ഭവനവും ലഭ്യമാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഏതൊക്കെ നഗരസഭകളിലാണ് പദ്ധതി നടപ്പിലാക്കാത്തതെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**(ബി)** ചെങ്ങന്നൂർ നഗരസഭയിൽ ലൈഫ് മിഷൻ പദ്ധതി ഗുണഭോക്താക്കളുടെ എണ്ണം എത്രയാണ്; ഇതിൽ എത്രപേർക്ക് ഭൂമിയും ഭവനവും അനുവദിച്ചു; ഇവിടെ ഭൂമിയും ഭവനവും അനുവദിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

**<u>മറുപടി:</u>** നഗരസഭകളിൽ പി.എം.എ.വൈ (നഗരം) പദ്ധതിയെ ലൈഫ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയുമായി സംയോജിപ്പിച്ചാണ് നടപ്പിലാക്കി വരുന്നത്.

ചെങ്ങന്നൂർ നഗരസഭയിലെ ലൈഫ് ഭൂമിയുള്ള ഭവനരഹിതരുടെ ലിസ്റ്റിൽ 284 ഗുണഭോക്താക്കളും ഭൂരഹിത ഭവനരഹിതരുടെ ലിസ്റ്റിൽ 174 അർഹരായ ഗുണഭോക്താക്കളും ഉൾപ്പെട്ടിട്ടുണ്ട്. ഇതിൽ ഭൂമിയുള്ള ഭവനരഹിതരും ഭൂമി ആർജ്ജിച്ചവരുമായ 234 ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണ ധനസഹായം അനുവദിച്ചു. ഭൂരഹിതരിൽ 18 ഗുണഭോക്താക്കൾക്ക് ഭൂമിയും വീടും അനുവദിച്ചിട്ടുണ്ട്. ചെങ്ങന്നൂർ ഉൾപ്പെടെയുള്ള എല്ലാ നഗരസഭകളിലും ലൈഫ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയുടെ ഭാഗമായി തയ്യാറാക്കിയ ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള അർഹരായ ഭൂമിയുള്ള ഭവനരഹിത ഗുണഭോക്താക്കളെ ലൈഫ് പി.എം.എ.വൈ (നഗരം) ഡി.പി.ആറുകളിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പി.എം.എ.വൈ (നഗരം) പദ്ധതിയെ ലൈഫ് ഭവന പദ്ധതിയുമായി സംയോജിപ്പിച്ച് നടപ്പിലാക്കിയതിനാൽ പി.എം.എ.വൈ (നഗരം) ഗുണഭോക്താക്കൾക്കും ഭവന നിർമ്മാണ ധനസഹായമായി 4 ലക്ഷം രൂപ അനുവദിക്കുന്നതിന് സാധിച്ചു. ഇപ്രകാരം ചെങ്ങന്നൂർ നഗരസഭയിൽ നിന്നും ലൈഫ് പി.എം.എ.വൈ (നഗരം) പദ്ധതിയുടെ ഭാഗമായി ഭൂമിയുള്ള 234 ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണാനുമതി ലഭ്യമാക്കിയതിൽ 163 ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്.

**(സി)** ചെങ്ങന്നൂർ നഗരസഭയിൽ ലൈഫ് മിഷൻ പദ്ധതി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് എന്ന് വിശദമാക്കാമോ?

**<u>മറുപടി:</u>** നഗരസഭകളിൽ പി.എം.എ.വൈ (നഗരം) പദ്ധതിയെ ലൈഫ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയുമായി സംയോജിപ്പിച്ചാണ് നടപ്പിലാക്കി വരുന്നത്.

ചെങ്ങന്നൂർ നഗരസഭയിലെ ലൈഫ് ഭൂമിയുള്ള ഭവനരഹിതരുടെ ലിസ്റ്റിൽ 284 ഗുണഭോക്താക്കളും ഭൂരഹിത ഭവനരഹിതരുടെ ലിസ്റ്റിൽ 174 അർഹരായ ഗുണഭോക്താക്കളും ഉൾപ്പെട്ടിട്ടുണ്ട്. ഇതിൽ ഭൂമിയുള്ള ഭവനരഹിതരും ഭൂമി ആർജ്ജിച്ചവരുമായ 234 ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണ ധനസഹായം അനുവദിച്ചു. ഭൂരഹിതരിൽ 18 ഗുണഭോക്താക്കൾക്ക് ഭൂമിയും വീടും അനുവദിച്ചിട്ടുണ്ട്. ചെങ്ങന്നൂർ ഉൾപ്പെടെയുള്ള എല്ലാ നഗരസഭകളിലും ലൈഫ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയുടെ ഭാഗമായി തയ്യാറാക്കിയ ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള അർഹരായ ഭൂമിയുള്ള ഭവനരഹിത ഗുണഭോക്താക്കളെ ലൈഫ് പി.എം.എ.വൈ (നഗരം) ഡി.പി.ആറുകളിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പി.എം.എ.വൈ (നഗരം) പദ്ധതിയെ ലൈഫ് ഭവന പദ്ധതിയുമായി സംയോജിപ്പിച്ച് നടപ്പിലാക്കിയതിനാൽ പി.എം.എ.വൈ (നഗരം) ഗുണഭോക്താക്കൾക്കും ഭവന നിർമ്മാണ ധനസഹായമായി 4 ലക്ഷം രൂപ അനുവദിക്കുന്നതിന് സാധിച്ചു. ഇപ്രകാരം ചെങ്ങന്നൂർ നഗരസഭയിൽ നിന്നും ലൈഫ് പി.എം.എ.വൈ (നഗരം) പദ്ധതിയുടെ ഭാഗമായി ഭൂമിയുള്ള 234 ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണാനുമതി ലഭ്യമാക്കിയതിൽ 163 ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**